# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4129 | 03.02.2014-ലെ മറുപടിക്ക്

## എം. ബി. ബി. എസ്. സീറ്റ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ രാജ്യമൊട്ടാകെ എം. ബി. ബി. എസ്. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ ; | (ബി) നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 വർഷമായി പ്രവർത്തിച്ചുവരുന്ന 100 സീറ്റുള്ള കോളേജുകൾക്ക് 150 സീറ്റായി വർദ്ധിപ്പിക്കുവാനും ജില്ലാ ആശുപത്രികളിലെ സൗകര്യം ലഭ്യമാക്കി പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതുമാണ് കേന്ദ്ര സർക്കാരിന്റെ പ്രസ്തുത പദ്ധതി. |
| (സി) സംസ്ഥാനത്തൊട്ടാകെ എത്ര സീറ്റുകളാണ് ഇതിൻപ്രകാരം വർദ്ധിപ്പിച്ച് ലഭിക്കുക ; ഏതൊക്കെ കോളേജുകളിൽ എത്ര സീറ്റ് വീതം എന്ന് വ്യക്തമാക്കുമോ ? | (സി) നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി ഒഴികെയുള്ള കോളേജുകളിൽ നിലവിൽ 150-ഓ അതിൽ കൂടുതലോ സീറ്റുകൾ ഉള്ളതിനാലും മഞ്ചേരിയിലെ കോളേജ് 10 വർഷം തികയ്ക്കാത്തതിനാലും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കില്ല. ജില്ലാ ആശുപത്രികളിലെ സൗകര്യം ഉപയോഗിച്ച് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിന് 100 എം.ബി.ബി.എസ്. സീറ്റാണ് ലഭിച്ചിട്ടുള്ളത്. മറ്റ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ അവിടെ ലഭിക്കുന്ന സീറ്റുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാകൂ. |

സെക്ഷൻ ഓഫീസർ